**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3470** **14-07-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ പോളിടെക്നിക്ക് കോളേജിലെ ലാബ് സ്റ്റാഫ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ ലാബ് സ്റ്റാഫിന്റെ അഭാവം കോളേജിന്റെ പ്രവർത്തനത്തെയും വികസനത്തെയും ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ പഠന നിലവാരവും, സുരക്ഷയും പരിഗണിച്ച് ലാബ് സ്റ്റാഫ് തസ്തിക അടിയന്തരമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പോളിടെക്നിക്ക് അധികൃതർ സമർപ്പിച്ച നിവേദനത്തിൽ സത്വര നടപടികൾ കൈക്കൊള്ളുമോ; | (ബി) | വിവിധ പോളിടെക്നിക്കുകളിൽ നിന്നും ലാബ് സ്റ്റാഫ് തസ്തിക സംബന്ധിച്ച ആവശ്യകത അറിയിച്ച സാഹചര്യത്തിൽ പോളിടെക്നിക്ക് കോളേജുകളുടെ ലാബ് സ്റ്റാഫ് തസ്തിക വിന്യാസം പുന: ക്രമീകരിക്കുന്നതിന് വേണ്ടി എല്ലാ സ്ഥാപനങ്ങളിലേയും തസ്തികകളുടെ വിശദാംശങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരുന്നു. അധിക തസ്തിക പുനർ വിന്യസിച്ച് കുറവുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ? | (സി) | വിവിധ പോളിടെക്നിക്കുകളിൽ നിന്നും ലാബ് സ്റ്റാഫ് തസ്തിക സംബന്ധിച്ച ആവശ്യകത അറിയിച്ച സാഹചര്യത്തിൽ പോളിടെക്നിക്ക് കോളേജുകളുടെ ലാബ് സ്റ്റാഫ് തസ്തിക വിന്യാസം പുന: ക്രമീകരിക്കുന്നതിന് വേണ്ടി എല്ലാ സ്ഥാപനങ്ങളിലേയും തസ്തികകളുടെ വിശദാംശങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരുന്നു. അധിക തസ്തിക പുനർ വിന്യസിച്ച് കുറവുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ